"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - മലപ്പുറം ജില്ല- അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത് -ക്ലർക്ക് - ശ്രീ. ഷൈലേഷ് വി-കെ - യുടെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2114/2025/LSGD തീയതി,തിരുവനന്തപുരം, 26-08-2025

---

പരാമർശം:- 1. 25.08.2015ലെ G.O(MS)NO.267/2015/LSGD

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 31.07.2025ലെ LSGD/PD/112/2025-DEC4 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ഷൈലേഷ് വി-കെ - യുടെ പ്രൊബേഷൻ കാലയളവ് 12.10.2018മുതൽ 05.05.2024 വരെ ദീർഘിപ്പിക്കുന്നതിനുള്ള ശിപാർശ പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2.പരാമർശം (1) പ്രകാരം ക്ലർക്ക് തസ്തികയിൽ സാമാശ്വാസതൊഴിൽദാന പദ്ധതി പ്രകാരം നിയമനം നൽകിയ ശ്രീ. ഷൈലേഷ് വി കെ 12/10/2015 തീയതി പറപ്പൂർ ഗ്രാമ പഞ്ചായത്തിൽ സേവനത്തിൽ പ്രവേശിച്ചുവെന്നും ടിയാന്റെ ക്ലാർക്ക് തസ്തികയിലെ നിയമനം 12/10/2015 തീയതി പ്രാബല്യത്തിൽ ക്രമവൽക്കരിച്ചിട്ടുണ്ടെന്നും ശ്രീ. ഷൈലേഷ് വി കെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനാവശ്യമായ എം.ഒ.പി ടെസ്റ്റ് യഥാസമയം വിജയിക്കാത്തതിനാൽ ടിയാന്റെ പ്രൊബേഷൻ കാലയളവ് 12/10/2017 മുതൽ 11/10/2018 വരെ ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ചിട്ടുണ്ടെന്നും ടിയാൻ 03/05/2024 -ൽ നടന്ന എം. ഒ.പി പരീക്ഷ പാസ്സായിട്ടുണ്ടെന്നും ടിയാൻ പ്രൊബേഷൻ കാലയളവിൽ കാഷ്വൽ ലീവ് ഒഴികെ പ്രൊബേഷൻ കാലയളവിനെ ബാധിക്കുന്ന മറ്റ് ലീവുകൾ ഒന്നും തന്നെ എടുത്തിട്ടില്ലെന്നും ടിയാന്റെ പേരിൽ വിജിലൻസ് കേസോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെന്നും .ടിയാൻ GPF , SLI,GIS എന്നിവയിൽ അംഗത്വമെടുത്തിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (2) പ്രകാരമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് മലപ്പുറം ജില്ലയിലെ അബ്ദുറഹിമാൻ നഗർ ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ. ഷൈലേഷ് വി-കെ - യുടെ പ്രൊബേഷൻ 04.05.2024 തീയതി പ്രാബല്യത്തിൽ നിയമനാധികാരിക്ക് പ്രഖ്യാപിക്കുന്നതിനായി ടിയാന്റെ പ്രൊബേഷൻ കാലയളവ് KS&SSRs Part II ചട്ടം 21 -ലെ

വ്യവസ്ഥകൾക്ക് വിധേയമായി 12.10.2018 മുതൽ 05.05.2024 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ്, മലപ്പുറം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി, അബ്ദുറഹിമാൻ നഗർ ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ.ഷൈലേഷ് വി കെ , ക്ലർക്ക് , അബ്ദുറഹിമാൻ നഗർഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.202/ഇപിഎ1/2025-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 26-08-2025 17:12:46
സെക്ഷൻ ഓഫീസർ